പാഠം 13 മാർച്ച് 24–30

# കാര്യവിചാരകത്വത്തിന്റെ ഫലങ്ങൾ

**ശബ്ബത്ത് സായാഹ്നം:**

**ഈയാഴ്ചയിലെ പഠനത്തിന്: 2 തിമൊ. 3:1–9; യെഹ. 14:14; ഫിലി. 4:4–13; സദൃ. 3:5; 1 പത്രൊ. 2:11–12; മത്താ. 7:23; 25:21.**

**മനഃപാഠവാക്യം: "നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു" (1 പത്രൊ. 2:12).**

കാര്യവിചാരകരായ നാം ദൈവത്തിന്റെ സാക്ഷികളാണ്. നമുക്കുചുറ്റുമുള്ളവരുടെമേൽ നന്മയ്ക്കായുള്ള ശക്തമായ സ്വാധീനം നാം ചെലുത്തണം. നമുക്ക് ചുറ്റുമുള്ള ലോകത്തിൽ നിന്നും അകന്ന് ഒറ്റപ്പെട്ട് ജീവിക്കേണ്ടവരല്ല നാം. ലഭിച്ചിട്ടുള്ള കാര്യങ്ങളെക്കുറിച്ച് അറിവില്ലാത്തവർക്ക് അവരുടേതിനെക്കാൾ ശ്രേഷ്ഠമായ ജീവിതരീതിയെ കാണിച്ചുകൊടുക്കുവാൻ നമുക്ക് പദവി ലഭിച്ചിരിക്കുന്നു. ദൈവമുള്ളവരായി ജീവിക്കുന്നതോടൊപ്പം അഭിവൃദ്ധിപ്പെടുന്ന പ്രക്രിയയാണ് കാര്യവിചാരകത്വം. ഭൂമിയിലുള്ള ഇതര ജീവിതരീതികളെക്കാളും വ്യത്യസ്തമായി ജീവിക്കുവാനുള്ള വൈദഗ്ദ്ധ്യം ദൈവം നമുക്ക് തരുന്നു (2 കൊരി. 6:17). മറ്റുള്ളവർ ഇത് ശ്രദ്ധിക്കുകയും ഇതിനെക്കുറിച്ച് ചോദിക്കുകയും ചെയ്യും. അതിനാലാണ് "നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" (1 പത്രൊ. 3:15) എന്ന് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്.

അവസാനത്തെ ഈ പാഠം വ്യക്തിപരമായ അനുഗ്രഹങ്ങൾ, ആത്മീക നന്മകൾ, വിജയകരമായ പരിണിതഫലങ്ങൾ, നമ്മുടെ സ്വാധീനം, കാര്യവിചാരകന്റെ ജീവിതത്തിലെ സംതൃപ്തിയുടെ പ്രാധാന്യം, 'മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ' എന്ന അറിവാണ് പരമമായത്- എന്നീ കാര്യങ്ങളെ ചർച്ച ചെയ്യുന്നു (കൊലൊ. 1:27).

**ഞായർ** **മാർച്ച് 25**

**കാര്യവിചാരകത്വവും ദൈവീകത്വവും**

ദൈവികത്വം എന്നതു വിശാലമായ ഒരു വിഷയമാണ്. ദൈവമുള്ള മനുഷ്യർ വിശുദ്ധ ജീവിതശൈലി ഉള്ളവരാണ് (തീത്തൊ. 1:1). അവനെ പ്രസാദിപ്പിക്കുന്ന പ്രവൃത്തിയിലൂടെയും, സമർപ്പണ മനോഭാവത്തിലൂടെയും അവർ ക്രിസ്തുവിനെപോലെയായിത്തീരുന്നു (സങ്കീ. 4:3; തീത്തൊ. 2:12). യഥാർത്ഥ ഭക്തിയുടെ തെളിവാണ് ദൈവീകത്വം. അങ്ങനെയുള്ളവർക്ക് നിത്യജീവന്റെ വാഗ്ദത്തം ലഭിക്കുന്നു. തത്വശാസ്ത്രത്തിനോ, സമ്പത്തിനോ പ്രശസ്തിക്കോ, അധികാരത്തിനോ, ഭാഗ്യജനനത്തിനോ, കൊടുക്കുവാൻ കഴിയാത്തതാണ് നിത്യജീവന്റെ വാഗ്ദത്തം.

**വായിക്കുക:** 2 തിമൊ. 3:1-9. വിശ്വസ്തരായ കാര്യവിചാരകരുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്ന എന്തു മുന്നറിയിപ്പാണ് പൗലൊസ് ഇവിടെ നൽകുന്നത്?

ഇയ്യോബിന്റെ സ്വഭാവത്തിന്റെയും പ്രവൃത്തികളുടെയും ഒരു വിവരണം ഇയ്യോബിന്റെ പുസ്തകത്തിൽനിന്നും ലഭിക്കുന്നു. കഷ്ടതയുടെ നടുവിലും ദൈവീക ജീവിതം എങ്ങനെ വെളിപ്പെടുന്നു എന്ന് ഇത് വിവരിക്കുന്നു. ഇങ്ങനെയുള്ള ജീവിത ശൈലിയെ സാത്താൻ എത്രമാത്രം വെറുക്കുന്നു എന്നും ഇത് കാണിക്കുന്നു. വിശ്വാസത്തിന്റെയും ജീവിതശൈലിയുടെയും നിലവാരകാര്യത്തിൽ ഇയ്യോബിനെപ്പോലെ മറ്റൊരുവനുമില്ല എന്നു ദൈവം തന്നെ സമ്മതിക്കുന്നു (ഇയ്യോ. 2:3).

"ഊസ് ദേശത്ത് ഇയ്യോബ് എന്നു പേരുള്ളൊരു പുരുഷൻ ഉണ്ടായിരുന്നു; അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു" (ഇയ്യോ.1:1). ഇയ്യോബിന്റെ വിശ്വാസം എന്നത് വെറും വാക്കുകളോ മതപരമായ ചടങ്ങുകളുടെ പ്രകടനമോ ആയിരുന്നില്ല. അതൊക്കെ ജീവിതത്തിന്റെ ഭാഗമായിരുന്നു (ഇയ്യോ. 1:5). അവന്റെ ദൈവഭക്തി, അതിഘോരമായ ശോധനകളുടെ നടുവിലും, ജീവിതത്തിലുടനീളം വെളിപ്പെട്ടുനിന്നു. ദൈവപൈതലായിരിക്കുക എന്നാൽ എല്ലാം തികഞ്ഞവനാകുക എന്നർത്ഥമില്ല, നമ്മുടെ മണ്ഡലങ്ങളിൽ തികവിനെ പ്രതിഫലിപ്പിക്കുക എന്നാണ് അർത്ഥം.

**വായിക്കുക:** യെഹെ.14:14. ഈ മനുഷ്യരുടെ സ്വഭാവത്തെ സാക്ഷീകരിക്കുന്ന ഏന്തു കാര്യമാണ് ഈ വാക്യം പറയുന്നത്? നമ്മിൽ പൊതുവായി കാണപ്പെടേണ്ട എന്തു കാര്യമാണ് അവർക്കുള്ളത്?

കാര്യവിചാരകത്വം എന്നത് ശരിക്കും ദൈവിക ജീവിതത്തിന്റെ ഒരു പ്രകടനമാണ്. വിശ്വസ്ത കാര്യവിചാരകർ ഭക്തിയുടെ വേഷം ധരിച്ചവരല്ല. അവർ ദൈവികരും ദൈവം ഏല്പിച്ച കാര്യങ്ങളെ തങ്ങളുടെ പ്രവൃത്തികളിലൂടെ വെളിവാക്കുന്നവരുമാണ്. ചെയ്യുന്നവയിൽക്കൂടെ മാത്രമല്ല ചെയ്യാത്തവയിൽക്കൂടെയും അവർ വിശ്വാസത്തെ പ്രകടമാക്കുന്നു.

**തിങ്കൾ** **മാർച്ച് 26**

**സംതൃപ്തി**

"ബുദ്ധിമുട്ടു നിമിത്തമല്ല ഞാൻ പറയുന്നത്; ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്" (ഫിലി. 4:11) നാം ആയിരിക്കുന്ന അവസ്ഥ എന്തായിരുന്നാലും അതിൽ സംതൃപ്തി ഉള്ളവരായിരിക്കണമെങ്കിൽ, ആ സംതൃപ്തി ആത്യന്തികമായി എവിടെനിന്നും വരുന്നതാകണം?

"ദൈവഭക്തി ആദായസൂത്രം" എന്ന് ചിന്തിക്കുന്ന രുചിയും മണവുമില്ലാത്ത മനുഷ്യരെക്കുറിച്ചു പൗലൊസ് തിമൊഥെയൊസിനോടു വിവരിക്കുന്നു (1 തിമൊ. 6:5). ഇതിനെക്കാളും നല്ല എന്ത് വിശദീകരണമാണ് ടെലിവിഷനിലും മറ്റു മാധ്യമങ്ങളിലൂടെയും സുവിശേഷത്തെ ചില്ലറ വില്പന നടത്തുന്നവർക്ക് കൊടുക്കുവാൻ സാധിക്കുക? വിശ്വസ്തരായിരുന്നാൽ നിങ്ങൾക്കു ധനികരാകാം എന്ന് കേൾവിക്കാരോട് പ്രസംഗിക്കുകയും അതിലൂടെ അവർ ധാരാളം പണം സമ്പാദിക്കുകയും ചെയ്യുന്നു.

വിശ്വസ്തത എന്നതിലൂടെ അവരുദ്ദേശിക്കുന്നത് അവർ ചെയ്യുന്ന വേലയ്ക്ക് പണം കൊടുക്കുക എന്നതാണ്. ധനത്തെ വിശ്വസ്തതയുമായി താരതമ്യം ചെയ്യുന്നത് ക്രിസ്ത്യാനിത്വത്തിന്റെ മറവിൽ നടക്കുന്ന ഭൗതികതയുടെ വേറൊരു ആവിഷ്കരണ മാണ്.

ദൈവികത്വത്തിന് ശരിക്കും ധനവുമായി യാതൊരു ബന്ധവുമില്ല. അങ്ങനെയു ണ്ടായിരുന്നെങ്കിൽ ലോകത്തിലെ ഏറ്റം വഷളന്മാരും ദൈവമക്കൾ എന്ന് നിരൂപിക്ക പ്പെടുമായിരുന്നു. കാരണം, അങ്ങനെയുള്ളവർ ലോകത്തിലെ ഏറ്റവും വിലയ ധനി കരാണ്. പക്ഷേ പൗലൊസ് പറയുന്നത്, "അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും" എന്നാണ് (1 തിമൊ. 6:6). സംതൃപ്തിയോടു കൂടിയ ദൈവഭക്തി ഏതു സാഹചര്യത്തിലും ഏറ്റവും വലിയ സമ്പത്താണ്, കാരണം, സാമ്പത്തിക നേട്ടങ്ങളെക്കാളെല്ലാം വലുതാണ് ദൈവകൃപ. ആകയാൽ, ഉണ്ണാനും ഉടുക്കാനും ഉള്ളതിൽ നാം സംതൃപ്തരയിരിക്കണം (1 തിമൊ. 6:8).

"സംതൃപ്തി എല്ലാ അവസ്ഥയിലും ഒരു കലയും ഒരു ആത്മീയ മർമ്മവുമാണ്. അതിനെക്കുറിച്ച് നാം പഠിക്കണം. ഒരു മർമ്മം എന്ന നിലയിൽത്തന്നെ പഠിക്കണം. ക്രിസ്തീയ സംതൃപ്തി മധുരവും, ആന്തരികവും, നിശ്ശബ്ദവും ആത്മാവിന്റെ കൃപ യോട് കൂടിയ ഘടനയും ആകുന്നു. അത് ഏതവസ്ഥയിലും പിതാവിന്റെ ഇഷ്ട ത്തോട് സ്വതന്ത്രമായി കീഴ്പ്പെടുന്നതും ആകുന്നു. അത് വിലയേറിയ തൈലത്തിന്റെ ഒരു വെങ്കല ഭരണിയാണ്. അസ്വസ്ഥമായ എല്ലാ അവസ്ഥയിലും സാഹചര്യങ്ങളിലും അത് ഹൃദയത്തിനു ഏറ്റവും ആശ്വാസദായകവും പ്രയോജനപ്രദവുമാകുന്നു" Christian Contentment PP 1,3.

**വായിക്കുക:** റോമാ. 8:28; എബ്രാ. 13:5; ഫിലി. 4:4-13. സംതൃപ്തികരമായ ജീവിതം നയിക്കുവാനുതകുന്ന എന്ത് കാര്യം നാം ഇവിടെ കാണുന്നു?

**ചൊവ്വ** **മാർച്ച് 27**

**ആശ്രയം**

വായിക്കുക: സദൃ. 3:5 എന്ത് നിർണ്ണായകത്വമാണ് നമുക്കിവിടെയുള്ളത്? 'സ്വന്ത വിവേകത്തിൽ ഊന്നരുത്' എന്ന ഭാഗം വിശേഷാൽ ശ്രദ്ധിക്കുക. (യെശ.55:9; 1 കൊരി. 4:5; 13:12 കാണുക).

"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്തവിവേകത്തിൽ ഊന്നരുത്" (സദൃ.3 15) എന്നതായിരിക്കണം ദൈവത്തിന്റെ കാര്യവിചാരകരുടെ ലക്ഷ്യവും ആദർശവും. തീർച്ചയായും, പറയുന്നത്ര എളുപ്പത്തിൽ പ്രാവർത്തിക മാക്കാവുന്ന ഒന്നല്ല ഇത്. നാം പലപ്പോഴും ബുദ്ധികൊണ്ടു ദൈവത്തിലും അവന്റെ സ്നേഹത്തിലും വിശ്വസിക്കുകയും അതോടൊപ്പം തന്നെ നേരിടുന്ന ചില വിഷയങ്ങളെ ഓർത്തു അതീവ ദുഃഖിതരാക്കുകയും ചെയ്യാറുണ്ട്. ചിലപ്പോഴൊക്കെ നമ്മുടെ ചിന്തകളിൽ എങ്കിലും ഭാവി വളരെ ഭീതിജനകമാണ് എന്നു തോന്നാറുണ്ട്.

ഈ സാഹചര്യങ്ങളിൽ, കാര്യവിചാരകർ എന്ന നിലയിൽ ദൈവത്തിലാശ്രയി ക്കാൻ നാം എങ്ങനെയാണ് പഠിക്കുന്നത്? വിശ്വാസത്തോടെ മുന്നോട്ടിറങ്ങുകയും

നാം ചെയ്യുന്നതിലൊക്കെയും ദൈവത്തെ അനുസരിക്കുകയും വേണം. ഉപയോഗം കൊണ്ട് ക്ഷയിച്ചുപോകാത്ത മനസ്സിന്റെ ഒരു പ്രവൃത്തിയാണ് ആശ്രയം. ദൈവത്തിൽ എത്രയധികം ആശ്രയിക്കുന്നുവോ അത്രയധികം നമ്മുടെ വിശ്വാസം വളരുന്നു. വിശ്വസ്ത കാര്യവിചാരകന്മാരായി ജീവിക്കുന്നത് ദൈവാശ്രയത്തെ വെളിപ്പെടുത്തുവാനുള്ള ഒരു വഴിയാണ്. കാര്യവിചാരകന്റെ അടിസ്ഥാനവും പ്രേരകശക്തിയും ഈ വിശ്വാസമാണ്. അത് നമ്മുടെ പ്രവൃത്തിയിലൂടെ ദൃശ്യമാകുകയും ചെയ്യുന്നു.

"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക." 'പൂർണ്ണഹൃദയം' എന്നത് ആലങ്കാരികമായിട്ടാണ് വചനത്തിൽ എപ്പോഴും ഉപയേഗിച്ചിട്ടുള്ളത്. ഇതിന്റെയർത്ഥം നമ്മുടെ തീരുമാനങ്ങൾ നമ്മെ നാമാക്കി തീർക്കുന്ന ആന്തരിക ധാർമിക സത്തയിൽ നിന്നും വരുന്നവയാണ് എന്നാണ് (മത്താ. 22:37). ഇതിൽ നമ്മുടെ വ്യക്തിത്വത്തിന്റെ കാതലായപ്രേരണ, ഇംഗിതം എന്നിവ ഉൾപ്പെടുന്നു.

നമുക്ക് നിയന്ത്രിക്കുവാൻ കഴിയാത്ത കാര്യങ്ങൾ വരുമ്പോൾ ദൈവത്തിൽ ആശ്രയിക്കുക എളുപ്പമാണ്. അതല്ലാതെ നമുക്ക് വേറെ വഴിയൊന്നുമില്ല. പൂർണ്ണ ഹൃദയത്തിൽ നിന്നുള്ള യഥാർത്ഥ ആശ്രയം വരുന്നത് നമ്മുടെ നിയന്ത്രണത്തിലുള്ള കാര്യങ്ങൾക്കായി നാം ഒരു തിരഞ്ഞെടുപ്പ് നടത്തുമ്പോഴാണ്.

പൂർണ്ണഹൃദയത്തോടെയുള്ള ആശ്രയത്തെക്കുറിച്ചു അപ്പൊസ്തലന്മാർ വിശദീകരിക്കുന്നു: "ഇപ്പോൾ വേലയിൽ നിൽക്കുന്നവരെപ്പോലെ പ്രകൃത്യാ ബലഹീനരും നിസ്സഹായരും ആയിരുന്നുവെങ്കിലും അവർ തങ്ങളുടെ പൂർണ്ണ ആശ്രയം ദൈവത്തിൽ അർപ്പിച്ചു. അവർക്കു സമ്പത്തുണ്ടായിരുന്നെങ്കിലും അതിന് അനുസരണമായ മനസ്സും ആത്മീയസംസ്കാരവും ഉണ്ടായിരുന്നു" EGW, GW P 25.

നമ്മുടെ നിയന്ത്രണത്തിന് അതീതമായ കാര്യങ്ങളിൽ ദൈവത്തിൽ ആശ്രയിക്കുക എളുപ്പമാണ് എന്നത് സത്യമാണ്. എന്നാൽ നിങ്ങൾക്ക് നിയന്ത്രിക്കുവാൻ കഴിയുന്ന കാര്യങ്ങളിൽ അത് എങ്ങനെയാണ്?

**ബുധൻ** **മാർച്ച് 28**

**നമ്മുടെ സ്വാധീനം**

"മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു" (എഫെ. 5:8). ഹൃദയത്തിന്റെ മാറ്റം പരസ്യമായി കാണാനാകുന്നതാണെന്നാണ് പൗലൊസ് പറയുന്നത്. നാം 'വെളിച്ചത്തിൽ നടക്കുമ്പോൾ' ദിനംതോറും നടത്തുന്ന കാര്യവിചാരകത്വ പരിപാലനത്തിന്റെ സാക്ഷ്യം അന്ധകാരം നിറഞ്ഞ ലോകത്തിൽ സ്വാധീനം ചെലുത്തുന്ന ഒരു പ്രകാശമായിത്തീരും (1 യോഹ. 1:7, യെശ. 30:21).

യേശു പറഞ്ഞു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" (യോഹ. 8:12) പൊതുസ്ഥലങ്ങളിലുള്ള നമ്മുടെ പെരുമാറ്റം ഉറച്ചതും ദൈവിക വെളിച്ചത്തെ പ്രതിഫലിപ്പിക്കുന്നതുമായിരിക്കണം.

മറ്റുള്ളവർ കാണുന്ന നമ്മുടെ കാര്യവിചാരകത്വം എങ്ങനെ ദൈവത്തിനു മഹത്വം കൊണ്ടുവരും? നമ്മുടെ പ്രവൃത്തികൾക്ക് മറ്റുള്ളവരുടെമേൽ എന്തു സ്വാധീനമാണുള്ളത്? (മത്താ. 5:16; തീത്തൊ. 2:7; 1 പത്രൊ. 2:11 –12).

ദൈവത്തിന്റെ സമ്പാദ്യങ്ങളെ പരിപാലിക്കുന്നതാണ് കാര്യവിചാരകത്വം എങ്കിലും അതിൽമാത്രം അത് ഒതുങ്ങുന്നില്ല. നമ്മുടെ കാര്യവിചാരകത്വത്തെ നമ്മുടെ കുടുംബങ്ങൾ, സമൂഹം, ലോകം, അഖിലാണ്ഡം എല്ലാം കാണുന്നുണ്ട് (1 കൊരി. 4:9). നമ്മുടെ വ്യവഹാര മേഖലയിലും അത് ദൈവരാജ്യത്തിന്റെ തത്വങ്ങളെ പ്രദർശിപ്പിക്കുന്നു.

ഇപ്രകാരം നമുക്ക് മറ്റുള്ളവരെ സ്വാധീനിക്കുവാൻ കഴിയുന്നു. സന്മാർഗ്ഗത്തിലൂടെയും ദയയിലൂടെയും നാം ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു.

നമ്മുടെ തൊഴിലിന്റെ നീതിശാസ്ത്രവും നമ്മുടെ കാര്യവിചാരകത്വവും തമ്മിൽ പൊരുത്തപ്പെടണം. നമ്മുടെ കാര്യവിചാരകത്വത്തെ മറ്റുള്ളവർ ദർശിക്കുന്ന ഒരു അരങ്ങാണ് നമ്മുടെ തൊഴിൽമേഖല. "അവൻ നിന്റെ നീതിയെ പ്രഭാതം പോലെയും നിന്റെ ന്യായത്തെ മദ്ധ്യാഹ്നംപോലെയും പ്രകാശിപ്പിക്കും"(സങ്കീ. 37:6) തൊഴിൽ മേഖലയിലുള്ള നമ്മുടെ സ്വാധീനം ' നിലവറയിലോ പറയിൻ കീഴിലോ' ഒളിഞ്ഞിരിക്കേണ്ട ഒന്നല്ല. ലൂക്കൊ. 11:33. അത് 'മലമേലിരിക്കുന്ന പട്ടണംപോലെ' യാണ്. മത്താ. 5:14 ഇപ്രകാരം സദുദ്ദേശ്യത്തോടെ ഭവനത്തിലും പ്രവർത്തന മേഖലയിലും ജീവിക്കുമ്പോൾ നിങ്ങൾക്ക് ചുറ്റുമുള്ള എല്ലാവരെയും നിങ്ങൾ സ്വാധീനിക്കുന്നു.

"പ്രകൃതിയിലുള്ള സകലതിനും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു വേലയുണ്ട്. പിറുപിറുപ്പ് കൂടാതെ അവർ അതു നിർവ്വഹിക്കുന്നു. ആത്മീക കാര്യങ്ങളിൽ ഓരോ സ്ത്രീക്കും പുരുഷനും അവന്റേതും അവളുടേതുമായ നിയോഗവും വ്യവഹാരവുമുണ്ട്. ദൈവം ആവശ്യപ്പെടുന്ന ഓഹരി നമ്മിൽ ഭരമേല്പിക്കപ്പെട്ടിട്ടുള്ള മൂലധനത്തിന് ആനുപാതികവും ക്രിസ്തുവിന്റെ ദാനത്തിനു അനുസരണമായതും ആകുന്നു... അതിനായുള്ള നിങ്ങളുടെ സമയവും വിശേഷ ഭാഗ്യവും ഇപ്പോഴാകുന്നു. ആത്മീക ശ്രേഷ്ഠതയിൽ നിങ്ങൾ എത്തുവാനുതകും വിധത്തിലുള്ള ഉറപ്പു സ്വഭാവത്തിൽ കാട്ടുക. നിങ്ങളുടെ സേവനത്തിലുള്ള അവകാശം ക്രിസ്തുവിനുണ്ട്. ഹൃദയ പൂർവ്വം അത് അവനു കൊടുക്കുക" EGW.

നിങ്ങളുടെ തൊഴിൽ നീതിശാസ്ത്രം സഹപ്രവർത്തകരിലും വീട്ടിലുള്ളവരിലും എന്ത് സ്വധീനമുണ്ടാക്കുന്നു? നിങ്ങളുടെ വിശ്വാസത്തെക്കുറിക്കുന്ന എന്തു ദൂതാണ് നിങ്ങൾ അവർക്കായി നൽകുന്നത്?

**വ്യാഴം** **മാർച്ച് 29**

**നാം കേൾക്കേണ്ടതും (കേൾക്കേണ്ടാത്തതും) ആയ വാക്കുകൾ**

നാം ഈ ലോകത്തിൽ അന്യരും പരദേശികളും ആകുന്നു. തികവുള്ളതും സുന്ദരവും സമാധാനപൂർണ്ണവുമായ സ്വർഗ്ഗമാണു നമ്മുടെ ലക്ഷ്യസ്ഥാനം (എബ്രാ. 11:13-14). അതുവരെയും നാം ഇവിടെ ജീവിക്കണം. ഇവിടെയുമില്ല അവിടെയുമില്ല എന്ന നിഷ്പക്ഷ നിലപാട് ക്രിസ്ത്യാനിക്ക് ചേർന്നതല്ല. നാം ഒന്നുകിൽ ദൈവത്തിനുവേണ്ടി അല്ലെങ്കിൽ ശത്രുവിന് വേണ്ടിയാണു ജീവിക്കുന്നത് "എനിക്കു അനു

കൂലമല്ലാത്തവൻ എനിക്കു പ്രതികൂലം ആകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു" (മത്താ. 12:30). അവന്റെ വരിവിങ്കൽ നാം ആരുടെയൊപ്പമാണ് എന്നത് വ്യക്തമായും അസന്നിഗ്ദ്ധമായും വെളിവാക്കപ്പെടും.

**വായിക്കുക:** മത്താ. 25:21; 7:23. ക്രിസ്തുവിന്റെ വരവിനുശേഷം അവനെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്നവർ അവനിൽനിന്നും രണ്ടിലൊരു ഉപവാക്യം കേൾക്കുവാൻ പോകുകയാണ്. ആ ഉപവാക്യങ്ങൾ എന്തൊക്കെയാണ്? ഓരോന്നിന്റെയും അർത്ഥം എന്താണ്?

കാര്യവിചാരകൻ കേട്ടിട്ടുള്ളതിൽ വച്ചേറ്റവും സംതൃപ്തി ജനകമായ വാക്ക് ക്രിസ്തുവിൽനിന്നും വരുന്ന "നന്ന്" എന്ന വാക്കാണ്.

അവന്റെ സമ്പത്തിനെ പരിപാലിച്ചതിനു ലഭിക്കുന്ന ഏതു അംഗീകാരവും നമ്മിൽ അവർണ്ണനീയമായ സന്തോഷം ഉണ്ടാക്കും. നമ്മുടെ കഴിവിനനുസരിച്ചു നമ്മാൽ കഴിയുന്നത് ചെയ്യുക, നമ്മുടെ രക്ഷയുടെ വേരുകൾ ക്രിസ്തുവിനുവേണ്ടിയുള്ള നമ്മുടെ പ്രവൃത്തികളിലല്ല, അവൻ നമുക്ക് വേണ്ടി ചെയ്യുന്ന പ്രവൃത്തികളിലാണെന്നു തിരിച്ചറിയുക എന്നിവ ഈ സന്തോഷത്തിനു കാരണഭൂതമാകുന്നു (റോമ. 3:21;4:6).

വിശ്വസ്തനായ കാര്യവിചാരകന്റെ ജീവിതം അവന്റെ വിശ്വാസത്തിന്റെ പ്രതിഫലനമാണ്. തങ്ങളുടെ പ്രവൃത്തികളുടെ ബലത്തിൽ സ്വയം ന്യായീകരിക്കുവാൻ ശ്രമിക്കുന്നവരുടെ വാക്കുകളിൽ പ്രവൃത്തികളിലൂടെ രക്ഷയ്ക്കായുള്ള ശ്രമത്തെ നാം കാണുന്നു (മത്താ. 7:21–22). അതിന്റെ അടുത്ത വാക്യത്തിൽ സ്വയ നീതീകരണത്തിന്റെ വ്യർത്ഥതയെയും നാം ദർശിക്കുന്നു (7:23).

"ക്രിസ്തുവിന്റെ അനുഗാമികൾ അവനു സ്വന്തമായതിനെ തിരിച്ചേല്പിക്കുമ്പോൾ, നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക" എന്ന ഇമ്പശബ്ദത്തെ അവനിൽനിന്നും കേൾക്കും" EGW, DA, P 523.

ദൈവത്തെയും മനുഷ്യനെയും സ്നേഹിക്ക എന്ന ഏറ്റവും വലിയ രണ്ടു കല്പനകളിൽ നിന്നും പ്രേരണയും പ്രചോദനവും ഉൾക്കൊണ്ട് അതിനനുസരണമായി ജീവിക്കുന്ന ജീവിതമാണ് കാര്യവിചാരകത്വം. നിങ്ങളുടെ ജീവിതവും അതിലൂടെ വെളിവാകുന്ന കാര്യവിചാരകത്വവും ഈ രണ്ടു മഹിമയേറിയ കല്പനകളെ എത്ര നന്നായി പ്രതിഫലിപ്പിക്കുന്നു? ദൈവത്തെയും മനുഷ്യരെയും നാം സ്നേഹിക്കുന്നുണ്ടോ?

**വെള്ളി** **മാർച്ച് 30**

**കൂടുതൽ ചിന്തയ്ക്ക്:** "ദൈവസ്നേഹത്തെ വെളിപ്പെടുത്തുവാനാണ് യേശു ഭൂമിയിലേക്ക് വന്നത്. അവൻ തുടങ്ങിവച്ച ജോലി അവന്റെ അനുയായികൾ തുടരേണ്ടിയിരിക്കുന്നു. അന്യോന്യം ശക്തിപ്പെടുത്തുന്നതിൽ നമുക്ക് യത്നിക്കാം.

മറ്റുള്ളവരുടെ നന്മ കണ്ടെത്തുന്നതിലൂടെയാണ് യഥാർത്ഥ സന്തോഷം ലഭിക്കുന്നത്. ദൈവത്തെയും സഹജീവികളെയും സ്നേഹിക്കുന്നവർ തങ്ങളുടെ താൽപ്പര്യങ്ങൾക്കെതിരായി പ്രവർത്തിക്കുന്നവരല്ല. നിസ്വാർത്ഥത വർദ്ധിക്കുന്തോറും സന്തോഷം വർദ്ധിക്കുന്നു, അങ്ങനെയുള്ളവർ തങ്ങളെകുറിച്ചുള്ള ദൈവത്തിന്റെ പരമോദ്ദേശത്തെ പൂർത്തിയാക്കുന്നവരാണ്. EGW.

"ജീവനുള്ള സഭ എവിടെയുണ്ടോ അവിടെ വിപുലീകരണവും വളർച്ചയും ഉണ്ട്. സ്ഥിരമായ കൊടുക്കൽ വാങ്ങലുകളും ദൈവത്തിൽനിന്നുള്ള പ്രാപിക്കലുകളും അവനു തിരികെ കൊടുക്കുന്ന പ്രക്രിയകളും അവിടെ നടക്കുന്നു. എല്ലാ സത്യവിശ്വാസിക്കും ദൈവം പ്രകാശവും അനുഗ്രഹവും പകർന്നു നൽകുന്നു. ഇവയെ ഈ വിശ്വാസി ദൈവത്തിനുവേണ്ടിയുള്ള തന്റെ വേലയിലൂടെ മറ്റുള്ളവർക്ക് പകർന്നു നൽകുന്നു. ലഭിക്കുന്നതിൽനിന്നും കൊടുക്കുമ്പോൾ തുടർന്നും ലഭിക്കുവാനുള്ള പ്രാപ്തി വർദ്ധിക്കുന്നു, കൃപയുടെയും സത്യത്തിന്റെയും പുതിയ സംഭരണത്തിനായി കൂടുതൽ സ്ഥലം ഉണ്ടാകുന്നു. കൂടുതൽ വ്യക്തമായ പ്രകാശം, വർദ്ധിച്ച അറിവ് എന്നിവ അവന്റെ സ്വന്തമാകുന്നു. ഇപ്രകാരമുള്ള കൊടുക്കലും വാങ്ങലുമാണ് സഭയുടെ വളർച്ച നിർണ്ണയിക്കുന്നത്. ഒരിക്കലും കൊടുക്കാതെ വാങ്ങുക മാത്രം ചെയ്യുന്ന വ്യക്തിക്ക് പിന്നീട് കിട്ടാതെയാകും. സത്യം അവനിൽനിന്നും മറ്റുള്ളവരിലേക്ക് ഒഴുകുന്നില്ലെങ്കിൽ, വാങ്ങുവാനുള്ള കഴിവ് അവന് ഇല്ലാതെയാകും. പുതിയ അനുഗ്രഹങ്ങളെ പ്രാപിക്കണമെങ്കിൽ സ്വർഗ്ഗീയനന്മകളെ മറ്റുള്ളവർക്കു പകർന്നു നൽകണം" EGW.

**ചർച്ച ചെയ്യുക:**

1. ദൈവാശ്രയം എങ്ങനെ സംതൃപ്തിയിലേക്കു നയിക്കുന്നു? ബുദ്ധിപരമായ നിലയിൽ പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ ആശ്രയിക്കാൻ എങ്ങനെ സാധിക്കും? (2 കൊരി. 10:5) 'സകലതും നന്മയ്ക്കായികൂടി വ്യാപരിക്കുന്നു' എന്ന് അനായാസമായി പറയുവാൻ കഴിയും എങ്കിലും വിശ്വസിക്കുവാൻ പ്രയാസമാകുന്നത് എന്നതുകൊണ്ട്? (റോമ. 8:28). വിശ്വസിക്കുന്നു എന്ന് പറയുന്ന നാം ഭാവിയെ ഭീതിയോടെ വീക്ഷിക്കുന്നതെന്തുകൊണ്ട്?

2. 25 വാക്കുകൾക്കുള്ളിൽ താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുക. കാര്യാവിചാരകത്വത്തിനു താങ്കൾ കൊടുക്കുന്ന നിർവചനം എന്ത്? കാര്യവിചാരകത്വം എന്തുകൊണ്ട് ക്രിസ്തീയജീവിതത്തിന്റെ പ്രധാന ഭാഗമാണ്? ഉത്തരം ക്ലാസിൽ താരതമ്യം ചെയ്യുക.

3. മത്താ. 7:21–23. വീണ്ടും വായിക്കുക. എന്താണ് ഇവിടെ സംഭവിക്കുന്നത്? ഇവർ ചെയ്യുന്നു എന്ന് പറയുന്ന കാര്യങ്ങൾ പറയുവാൻ കാരണമെന്ത്? അവരുടെ വാക്കുകൾ അവരെക്കുറിച്ച് എന്ത് വെളിപ്പെടുത്തുന്നു? നല്ല കാര്യവിചാരകരായിരിക്കുവാൻ ശ്രമിക്കുമ്പോഴും നല്ല വിശ്വാസവും അനുസരണവുമുള്ളവരായി

ജീവിക്കുവാൻ ശ്രമിക്കുമ്പോഴും ദൈവനാമത്തിൽ നല്ല പ്രവൃത്തികൾ ചെയ്യുവാൻ ശ്രമിക്കുമ്പോഴും ഇത്തരത്തിലുള്ള ആത്മ വഞ്ചനയിൽ വീഴുകയില്ല എന്ന് നമുക്കെങ്ങനെ ഉറപ്പാക്കാം?

4. ക്രിസ്തീയ സ്വാധീനം എന്നത് വ്യക്തിപരമായ ഒന്നാണെന്ന് ചിന്തിക്കുവാൻ ഉള്ള ഒരു പ്രവണത നമുക്കുണ്ട്. നിങ്ങളുടെ പ്രാദേശിക സഭയ്ക്ക് സ്വാധീന ശക്തിയുണ്ടോ? ഏതു തരത്തിലുള്ള സ്വാധീനമാണ് നിങ്ങളുടെ സഭയ്ക്കുള്ളത്?

Pubilshed by Jose Prakash for South West India Union of Seventh-day Adventists. Evergreen lane, Moospet road,Thrissur - 680005. Ph: 0487-2440341. Type Setting and Printing@ Ebenezer Printers. Thrissur Ph: 0487-2361892.